**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 775** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പേരാമ്പ്ര മണ്ഡലത്തിലെ കനാലുകളുടെയും ഉപകനാലുകളുടെയും നവീകരണ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഫാത്തിമ തഹിലിയ — ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി

**(എ)** വേനൽക്കാലത്ത് കർഷകർക്ക് വെള്ളം ലഭ്യമാക്കാനായി കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായുള്ള പേരാമ്പ്രയിലെ പ്രധാന കനാലുകളുടെയും ഉപകനാലുകളുടെയും അറ്റകുറ്റ പണികളുടെ നിലവിലെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. **കുറ്റ്യാടി ജലസേചന പദ്ധതിയുടെ പ്രധാന കനാലുകളിലും ഉപകനാലുകളിലും പരിശോധന നടത്താറുണ്ട്. ജലവിതരണം സുഗമമാക്കുന്നതിനായി ആവശ്യമായ അടിയന്തിര അറ്റകുറ്റപണികൾ നടപ്പിലാക്കുന്നതിന് ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അനുമതി നൽകുകയും പ്രവൃത്തി നടപ്പിൽ വരുത്തുകയും ചെയ്യാറുണ്ട്.**

**(ബി)** മണ്ഡലത്തിലെ ഉപകനാലുകളിലധികവും പ്രവർത്തനരഹിതമാണെന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** **പേരാമ്പ്ര മണ്ഡലത്തിലെ ഭൂരിഭാഗം കനാലുകളും നിലവിൽ പ്രവർത്തനക്ഷമമാണ്.**

**(സി)** കർഷകർക്ക് ഗുണം ലഭിക്കുന്ന രീതിയിൽ കനാലുകൾ പൂർണ്ണതോതിൽ കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാലുകൾ പൂർണ്ണ തോതിൽ കാര്യക്ഷമമാക്കുന്നതിന് അടിന്തരമായി നടപ്പിലാക്കേണ്ടുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിനായി NABARD ട്രാഞ്ചെ XXXI ൽ ഉൾപ്പെടുത്തിയ 189.7122 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡിന്റെ പരിഗണനക്കായി നബാർഡ് വെബ് പോർട്ടലിൽ Upload ചെയ്തിട്ടുണ്ട്. ആയതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കനാലുകൾ പൂർണതോതിൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

പേരാമ്പ്ര നിയോജക മണ്ഡലത്തിലെ 42.4597 കോടി രൂപയുടെ 41 പ്രവൃത്തികൾ പ്രസ്തുത നിർദ്ദേശത്തിൽ ഉൾപ്പെട്ടിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**